**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2039** **06-07-2022 - ൽ മറുപടിയ്ക്ക്**

**ഇടുക്കി പോലീസ് കാന്റീൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ പോലീസ് സ്റ്റേഷനുകളോട്ട ചേർന്നു നടത്തിയിരുന്ന ക്യാന്റീനുകൾ നിർത്തലാക്കിയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | (എ) | ഭക്ഷണശാലയിൽ പോലീസ് ഉദ്യോഗസ്ഥരും പുറത്തുനിന്ന് വന്നവരും തമ്മിലുണ്ടായ പ്രശ്നങ്ങളെ തുടർന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം എറണാകുളം റേഞ്ച് DIG ചെയർമാനായി റെയിൽവേ എസ്.പി, ഐ.ആർ ബറ്റാലിയൻ കമാണ്ടന്റ് എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിനെ തുടർന്ന് ജില്ലയിലെ എല്ലാ പോലീസ് ഭക്ഷണശാലകളും പ്രവർത്തനം നിർത്തി വച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത ക്യാന്റീനുകളിൽ ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നിന്നും ആരംഭകാലം മുതൽ വാർഷിക ഓഡിറ്റ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഓഡിറ്റ് നടത്താതിരുന്നതിന്റെ ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഔദ്യോഗികമായി നടത്തിയിട്ടില്ല. |
| (സി) | പ്രസ്തുത ക്യാൻറീനുകൾ ജില്ലാ പോലീസ് സൊസൈറ്റിയിൽ നിന്നും ലോണുകൾ എടുത്തിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; എങ്കിൽ ലോണുകൾ തിരിച്ചടക്കാതെയിരുന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പോലീസ് ഭക്ഷണശാലകളുടെ പേരിൽ ലോൺ എടുത്തിട്ടില്ല. ആയതിനാൽ പോലീസ് വകുപ്പ് ഇക്കാര്യത്തിൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ഡി) | ലോണുകൾ തിരിച്ചടക്കാത്തതിന് ആരാണ് ഉത്തരവാദിയെന്നും അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | (സി) യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ